ഓം

# വൈഷ്ണവം

www.maniyasseri.org
E-mail: maniyasserysecretary@gmail.com

തമസോമാ ജ്യോതിർഗമയ — പരസ്പരം ഭാവയന്ത: ശ്രേയ: പരമവാപ്സ്യഥ

കൊല്ലവർഷം 1191 ധനു (ശകവർഷം 1937 പൗഷം) വാല്യം 6 ലക്കം 7, ക്രിസ്തുവർഷം 2016 ജനുവരി

## മുഖക്കുറിപ്പ്

പ്രിയസഹോദരങ്ങളെ, — ഡോ. ബി.സരോജിനി അമ്മ.

**എല്ലാപേർക്കും പുതുവൽസരാശംസകൾ**

*ശാന്താകാരം ഭുജഗശയനം പത്മനാഭം സുരേശം ....... എന്നുതുടങ്ങുന്നമന്ത്രശ്ലോകം നമുക്ക് എല്ലാവർക്കും സുവിദിതമാണ്. ചിലർ നിത്യവും ജപിക്കുന്നുമുണ്ടാകും. പക്ഷേ ആരെങ്കിലും ഇതിന്റെ യഥാർത്ഥ അർത്ഥവ്യാപ്തിയെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ ? സംശയമാണ്. ഇന്ന് നമുക്ക് ആ വഴിക്ക് ഒന്നു ചിന്തിയ്ക്കാം.*

*അതീവശാന്തസ്വരൂപനായ ഭഗവാൻ അതിഭയാനകമായ ഭുജകതൽപ്പത്തിൽ ശാന്തനായി ശയിക്കുന്നു എത്രഭയാനകമാണ് പന്നഗതല്പം ! അതിന്റെ ഗതിയും വിഷത്തിന്റെ ശക്തിയും ഒരുപോലെ തീവ്രമാണ്.നമ്മളിൽ മിക്കവരും സർപ്പത്തെകാണുമ്പോൾ തന്നെപേടിച്ച് ഓടുന്നു. പക്ഷെ ശ്രീ വിഷ്ണു ഭഗവാൻ ശാന്തനായി മന്ദസ്മിതത്തോടുകൂടി ഈ ഭയാനകമായ സർപ്പശയ്യയിൽ സുഖമായി യോഗനിദ്ര ചെയ്യുന്നു. ഭഗവാന്റെ ഈ ശയനത്തിൽ അതിഗഹനവും, ദിവ്യവും ആയ ഒരു സന്ദേശം ഒളിഞ്ഞു കിടപ്പുണ്ട്.*

*ഭയാനകങ്ങളായ അനന്തം പ്രശ്നങ്ങൾ തലയെടുത്ത് നിൽക്കുമ്പോൾ അതിന് ഉത്തരവാദിയായ ഒരുവ്യക്തിക്ക് എങ്ങനെ ശാന്തി ലഭിക്കും. അവയെ എങ്ങിനെ നേരിടണം എന്ന് ഭഗവാൻ കാണിച്ചു തരുന്നു. ഭഗവാൻ, വിഷമയങ്ങളായ വിഷമങ്ങളെയെല്ലാം തന്റെ കിടക്കയാക്കിയിരിക്കുന്നു. എന്നിട്ട് അശേഷം കുലുങ്ങാതെ സദാ സ്വകർമ്മ നിരതനായി യോഗനിദ്ര ചെയ്യുന്നു. ഭുജഗശയനമായ ഈ ശാന്താകാരം ഭഗവാൻ നമുക്ക് തരുന്ന ഒരു ദിവ്യ സന്ദേശമാണ്. ഈ ദിവ്യ സന്ദേശത്തിൽ അടങ്ങിയിരിക്കുന്ന മഹാരഹസ്യത്തെ നാം നമ്മുടെ ജീവിതത്തിലേക്ക് പകർത്തേണ്ടതാണ്. എല്ലാ സംസാര സുഖത്തിനും, ദുഖത്തിനും കാരണം മനസ്സാണ്. ലൗകികസുഖമാണ് സത്യമായ സുഖം എന്ന് ധരിച്ച് മനുഷ്യൻ മനസ്സിനെ ഇന്ദ്രിയങ്ങൾക്കടിമയാക്കി വിടുമ്പോഴാണ് സംസാര ദുഖങ്ങൾ അറുതിയില്ലാതെ വിഷസർപ്പത്തെപോലെ ഒന്നിനുപുറകെ ഒന്നായി നമ്മെ അലട്ടുന്നത്. എന്നാൽ മനസ്സിനെ ബുദ്ധികൊണ്ട് നിയന്ത്രിച്ച് ഇന്ദ്രിയങ്ങളെ നമ്മുടെ വശത്താക്കിയാൽ, മനസ്സുകൊണ്ട് കീഴടക്കിയാൽ, മനസ്സ് ശാന്തമാകും. സംസാരജീവിതം വിഷം വമിക്കുന്നസർപ്പം എന്നപോലെ സമസ്യകളും,കർത്തവ്യങ്ങളും, കഷ്ഠതകളും, അസഹനീയമായ വിഷമങ്ങളും നിറഞ്ഞതാണ്.*

*ഇടവിടാതെയുള്ള സംഘട്ടനങ്ങളോടുകൂടിയ ഈ ജീവിതയാത്രയിൽ ശാന്തിക്കുള്ള സരളമായ ഉപായമാണ്. ഭുജഗശയനമായ ശാന്താകാരത്തിൽ മറഞ്ഞുകിടക്കുന്നത്. മനസ്സ് സ്വസ്ഥമായി ഒന്നിലും പതറാതെ ഇരിക്കുമ്പോൾമാത്രമാണ് മനുഷ്യൻ കർമ്മധീരനാകുന്നത്. സഹിഷ്ണുത എന്നഉത്കൃഷ്ട സാധന മൂലം ഇന്ദ്രിയങ്ങളെ സ്വാധീനമാക്കി സമസ്ത പ്രാണികളിലും സമനായിരിക്കുന്നഭഗവാനെ സ്മരിക്കുമ്പോൾ- കർമ്മങ്ങൾ ചെയ്യിക്കുന്നത് ഭഗവാനാണ്- ഭഗവാന്റെ ഇഛയാണ് എന്ന് മനസ്സിലാക്കിയാൽ ശാന്തി ലഭിക്കുന്നു.*

*ഏതു പരിതസ്ഥിതിയിലും, ഏതുസങ്കട അവസ്ഥയിലും അചഞ്ചലമായ ചിത്തത്തോടുകൂടി ശാന്തരായി ഭഗവാനെ തന്നെ ആശ്രയിച്ച് സമസ്തവും അദ്ദേഹത്തിന്റെ പാദങ്ങളിൽ അർപ്പിച്ചാൽ ശാന്തിയും സമാധാനവും കിട്ടുന്നു.*

## ഏകാഗ്രത

**സീയാർ**

*ധ്യാനം, ഏകാഗ്രത എന്നിവയെക്കുറിച്ചു സംസാരിക്കുമ്പോൾ സാധാരണയായി ശ്രദ്ധിക്കാതെ പോകുന്ന കാര്യമുണ്ട് അത്, മനുഷ്യന്റെ എല്ലാവിധത്തിലുമുള്ള പ്രവർത്തിയുമായി ബന്ധപ്പെടുന്നു എന്നകാര്യമാണ്. ധ്യാനം എന്നത് മനസ്സിന്റെ ഏകാഗ്രതക്കുള്ള ശിക്ഷണമാണ്. ഒരിടത്തുറച്ചു നിൽക്കാതെ സംഭവങ്ങളിൽനിന്ന് സംഭവങ്ങളിലേക്ക്, ദൃശ്യങ്ങളിൽനിന്ന് ദൃശ്യങ്ങളിലേക്ക് ചാടിചാടി പൊയ്ക്കൊണ്ടിരിക്കുന്ന ഒന്നാണ് മനുഷ്യമനസ്സ്. അതിനെ ഒരിടത്ത് പിടിച്ചു നിർത്തുന്നതിനുള്ള ശിക്ഷണമാണ് ധ്യാനം. ഒരുമിനിട്ടിൽ തുടങ്ങി 30 മിനിട്ടുവരെ ക്രമത്തിൽ സമയം കൂട്ടികൊണ്ട് വന്ന് മനസ്സിനെ ഏകാഗ്രമാക്കാൻ കഴിയുന്ന ഒരാൾക്ക് മനോനിയന്ത്രണം ലഭിച്ചു എന്നു പറയാം. ഒരുമിനിട്ടുതന്നെ മനസ്സിനെ ഏകാഗ്രമാക്കി നിർത്താൻ പാടുപെടുന്നവരാണ് സാധാരണക്കാർ. അപ്പോൾ പിന്നെ 30 മിനിട്ടിന്റെ കാര്യം പറയേണ്ടതില്ലല്ലോ. ഇത്തരമൊരു ഏകാഗ്രതയാണ് ക്ഷേത്രദർശനത്തിലൂടേയും മറ്റും വളർത്തികൊണ്ടുവരേണ്ടത്.*

*ഇങ്ങനെ ശിക്ഷണം ലഭിക്കുന്ന ഒരാൾ താൻ ചെയ്യുന്ന പ്രവർത്തികളിലെല്ലാം ഏകാഗ്രതയുള്ള ആളായിരിക്കും. അതുകൊണ്ടുതന്നെ അയാളുടെ പ്രവർത്തി പൂർണ്ണമായിരിക്കുകയും വിജയിക്കുകയും ചെയ്യും. എന്നാൽ ഇന്ന് പലപ്പോഴും കാണുന്ന കാര്യം നേരെ വിരുദ്ധമാണ്. ഏകാഗ്രത ലഭിക്കേണ്ട ഇടങ്ങളിൽ എത്തുന്നവർ അതിനനുസരിച്ചുള്ള പ്രവർത്തികളിൽ ഏർപ്പെടാറില്ല. നാമജപത്തിനൊപ്പംതന്നെ മറ്റു പലകാര്യങ്ങൾ മനസ്സിൽ പറയുകയോ മറ്റുള്ളവരോട് പറയുകയോ ചെയ്യുകയാണ് നമ്മുടെ ശീലം. എന്തിന് ക്ഷേത്രനടയിൽ എത്തിക്കഴിഞ്ഞാൽ ഏകാഗ്രമാകേണ്ട മനസ്സ് എത്രവഴികളിലൂടെയാണ് സഞ്ചരിക്കുന്നത്. പൂജാരിപോലും ചിലപ്പോൾ ചർച്ചയുടെ ഭാഗമായി മാറി പുറത്തിറങ്ങി വരാ*

---

**BOOK -POST**

To

..........................................................................

..........................................................................

..........................................................................

...........................................Pin........................

**മണിയശ്ശേരി ദേവസ്വം ട്രസ്റ്റ് വാർത്താപത്രിക**
*(For Private Circulation Only)*

*മണിയശ്ശേരി ദേവസ്വം ട്രസ്റ്റ്*
*മറവൻതുരുത്ത് പി.ഒ., വൈക്കം*

---

*ഭാരതത്തിനകത്ത് പ്രസാദം തപാലിൽ അയച്ചുകൊടുക്കുക, ക്ഷേത്രത്തിൽ പൂജാദി കർമ്മങ്ങൾക്കാവശ്യമായ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുക. ക്ഷേത്രഹാൾ ഭരണസമിതി അനുവദിക്കുന്ന അപേക്ഷകർക്ക് ഭരണസമിതിയുടെ നിബന്ധനകൾക്കനുസരിച്ച് വാടകക്ക് നൽകുക, തുടങ്ങി ക്ഷേത്രസംബന്ധമായ കാര്യങ്ങൾ ചെയ്യുന്നതിനാണ് ശ്രീമതി. ജിജിയെ നിയമിച്ചിട്ടുള്ളത്. പൂജാസാധനങ്ങൾ സ്പോൺസർ ചെയ്യുന്നതും ജന്മനക്ഷത്ര പൂജയും ഒഴിച്ചുള്ള വഴിപാടുകൾ, കുടുംബാംഗങ്ങൾക്ക് 9446714879 എന്ന നമ്പരിൽ ശ്രീമതി. ജിജിയെ വിളിച്ച് രസീതാക്കാവുന്നതും, വഴിപാടുതുക എസ്സ്.ബി.റ്റി കുലശേഖരമംഗലം ബ്രാഞ്ചിലെ അഡ്വാൻസ് പൂജ ആന്റ് സർപ്പക്കളം A/c. No. 67231581619. IFSC code–SBTR0000354 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയോ, ഡിപ്പോസിറ്റ് ചെയ്യുകയോ ചെയ്യാവുന്നതും,വഴിപാടു തുക ട്രാൻസ്ഫർ ചെയ്ത വിവരം സെക്രട്ടറിയെ അറിയിച്ച് അക്കൗണ്ട് ചെയ്യാവുന്നതുമാകുന്നു.*

*വഴിപാടു തുകകൾ അതാത് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയോ ഡിപ്പോസിറ്റ് ചെയ്യുകയോ ചെയ്യാവുന്നതാണ്. വഴിപാടുകളുടെ വിവരവും, തുക നൽകിയ വിവരവും സെക്രട്ടറിയെ വാട്ട്സ് ആപ് / ഇ മെയിൽ /കത്ത് മുഖാന്തിരം അറിയിക്കേണ്ടതാണ്. സാധാരണ വഴിപാടുകൾ ഒരു ദിവസമെങ്കിലും മുൻപും, ഗന്ധർവ്വ പൂജ, പാൽപായസം എന്നീ വഴിപാടുകൾ കുറഞ്ഞത് രണ്ടു ദിവസം മുൻപും അറിയിക്കണമെന്നഭ്യർത്ഥിയ്ക്കുന്നു.*

## അഭ്യർത്ഥന

*ഈ മഹത്തായ കുടുംബത്തിൽ ജന്മം നൽകിയതിന് കുടുംബദൈവത്തോട് നാം കടപ്പെട്ടവരാണ്. അതുകൊണ്ടുതന്നെ നമ്മുടെ ജന്മദിനത്തിൽ പരദൈവത്തിന് ഒരു സമർപ്പണം നടത്തുന്നത് അഭികാമ്യമത്രെ. കുടുംബത്തിലെ ഒരോ അംഗത്തിന്റേയും ജന്മദിനത്തിൽ നമ്മുടെ കുടുംബ ക്ഷേത്രത്തിൽ സ്ഥിരമായി എല്ലാ വർഷവും ഭഗവത് അർപ്പണമായി ഒരു ദിവസത്തെ പൂജ നടത്തണമെന്ന് എല്ലാ കുടുംബാംഗങ്ങളോടും അഭ്യർത്ഥിക്കുന്നു. 2016 ജനുവരി മുതൽ ഡിസംബർ വരെയുള്ള ഒരുവർഷം കുടുംബാംഗങ്ങളുടെ ജന്മദിനത്തിൽ കുടുംബക്ഷേത്രത്തിൽ ഒരു ദിവസത്തെ പൂജയ്ക്കുള്ള തുക നിക്ഷേപിക്കുന്നതിനും / ട്രാൻസ്ഫർ ചെയ്യുന്നതിനുമായി ഫെഡറൽ ബാങ്ക്, കുലശേഖരമംഗലം ശാഖയിൽ -മണിയശ്ശേരി ദേവസ്വം ട്രസ്റ്റ് നക്ഷത്ര പൂജ എന്ന പേരിൽ ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. – A/c. No. 20720100033231. IFSC code – FDRL 0002072 എല്ലാ കുടുംബാംഗങ്ങളുടെയും ഒരു വർഷത്തിനുള്ളിലുള്ള ജന്മനക്ഷത്ര പൂജക്കുള്ള തുക ജനുവരി മാസത്തിൽ തന്നെ ഫെഡറൽ ബാങ്കിലെ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുകയോ സെക്രട്ടറിയെ ഏൽപ്പിക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.*

## നിങ്ങൾക്കറിയാമോ

| | | |
|---|---|---|
| **അഷ്ടാക്ഷര മന്ത്രം** | – | ഓം നമോ നാരായണായ |
| **അഷ്ട ലക്ഷ്മിമാർ** | – | ധനലക്ഷ്മി, ആദിലക്ഷ്മി, ധാന്യലക്ഷ്മി, ധൈര്യലക്ഷ്മി, ഗജലക്ഷ്മി, സന്താനലക്ഷ്മി, ജയലക്ഷ്മി, വിദ്യാലക്ഷ്മി. |
| **അഷ്ടനാഗങ്ങൾ** | – | വാസുകി, തക്ഷകൻ, കാർക്കോടകൻ, ശംഖപാലൻ, ഗുളികൻ, പത്മൻ, മഹാപത്മൻ, അനന്തൻ എന്നിവരാണ്. |
| **അഷ്ടബന്ധം** | – | 6 ഭാഗം ശംഖും, 4 ഭാഗം ചെഞ്ചല്യം, 2 ഭാഗം കടുക്ക, ഓരോ ഭാഗം നൂല്, പരുത്തിക്കുരു, ചരൽ, അരഭാഗം വീതം കോലക്ക്, നെല്ലിക്ക എന്നിവ പൊടിച്ച് നേർമ്മയായി അരിച്ച്, ഉണ്ടാക്കുന്ന കുഴമ്പ്. വിഗ്രഹം പ്രതിഷ്ഠിയ്ക്കാൻ ഉപയോഗിക്കുന്നു. |

## അനുശോചനം

*ഡോ. മഹാദേവൻ പിള്ളയുടെ മകൾ ശ്രീമതി. മീനാക്ഷി (അമ്മു) യുടെ ഭർത്താവ് ശ്രീ.വി.ആർ.നായർ ഇടപ്പള്ളിയിലുള്ള വസതിയിൽ വച്ച് അന്തരിച്ചു.പരേതാത്മാവിന്റെ നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുന്നു.*

*കായംകുളം ഒടാശ്ശേരിൽ ശ്രീ.ഗോപാലകൃഷ്ണപിള്ളയുടെ ഭാര്യാ മാതാവ് ശ്രീമതി. കാർത്ത്യായനി അമ്മ (100) 16-10-2015 ന് അന്തരിച്ചു. പരേതാത്മാവിന്റെ നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുന്നു*

റുണ്ട്. എല്ലാ ആരാധനാലയങ്ങളിലും കാണുന്ന ഒരേർപ്പാടായി ഇതു മാറിയിട്ടുണ്ട്. ശബ്ദം നാമജപത്തിനുമാത്രം എന്നെഴുതിയിട്ടുള്ള ആരാധനാലയങ്ങൾ ഇപ്പോൾ കൂടി വരുന്നതു തന്നെ ഇത്തരമൊരുരീതി വർദ്ധിച്ചുവരുന്നതിന്റെ ഫലമാണ്. ഇത്തരം നിർദ്ദേശങ്ങൾ പുറമെയുള്ള ശബ്ദത്തെ നിയന്ത്രിക്കാനെ ഉപകരിക്കൂ. ആന്തരിക അനാവശ്യ ശബ്ദത്തെ ഇല്ലാതാക്കി മനസ്സ് ഏകാഗ്രമാകണമെങ്കിൽ സ്വയം ശിക്ഷണം നേടിയെടുക്കണം. അതിനു പലപ്പോഴും കഴിയുന്നുണ്ടോ എന്നകാര്യമാണ് ആത്മവിമർശനത്തോടെ എല്ലാവരും പരിശോധിക്കേണ്ടത്. പുരാണങ്ങളെക്കുറിച്ചും ഇതിഹാസ, ഉപനിഷത്തുകളെക്കുറിച്ചും അറിവുണ്ടാവുക എന്നത് ഈ ശിക്ഷണത്തിലേക്കുള്ള ആദ്യചുവടു വെപ്പു മാത്രമെ ആകൂ. ആ അറിവിനെ പ്രായോഗിക ജീവിതത്തിൽ എത്രപേർ പിന്തുടരുന്നു എന്നതാണ് പ്രധാനം. അറിവും അറിവിന്റെ പ്രയോഗവും ജീവിതത്തിൽ സമഞ്ജസമായി ചേർക്കുന്നവരാണ് ധ്യാനത്തേയും ഏകാഗ്രതയേയും ശരിയായി തിരിച്ചറിഞ്ഞവർ. അത്തരക്കാരുടെ സാന്നിദ്ധ്യത്തിൽ ജീവിതാനുകൂല തരംഗങ്ങൾ അനുഭവിക്കാൻ കഴിയുന്നു. അല്ലാത്തവരുടെ സമീപത്തെത്തിയാൽ അനുഭവപ്പെടുക ജീവിത പ്രതികൂല തരംഗങ്ങളായിരിക്കും. വിശ്വാസവും ഭക്തിയും മറ്റുള്ളവർക്ക് ജീവിതാനുകൂല തരംഗങ്ങൾ ഉണ്ടാക്കാൻ കാരണമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കാം.

## അറിയിപ്പുകൾ

ഡോ. ബി.സരോജിനി അമ്മയുടെ നേതൃത്വത്തിൽ വിജയദശമി നാളിൽ സൗജന്യ ആയുർവ്വേദ ക്യാമ്പ് പൂർവ്വാധികം ഭംഗിയായി ക്ഷേത്ര ഹാളിൽ നടത്തി.

നവരാത്രിയോടനുബന്ധിച്ച് ശ്രീമതി പത്മപണിക്കരുടെ നേതൃത്വത്തിൽ ക്ഷേത്രത്തിൽ ദേവീ ഭാഗവത പാരായണം നടത്തി

മണിയശ്ശേരി ക്ഷേത്രത്തിൽ എല്ലാവർഷവും കുടുംബാംഗങ്ങൾ നടത്തിവരാറുള്ള ഭാഗവത സപ്താഹം 2015 ഒക്ടോബർ മാസത്തിൽ ശ്രീ. ആർ.സോമശേഖർ യജ്ഞാചാര്യനായി പൂർവ്വാധികം ഭംഗിയായി പര്യവസാനിച്ചു. ഭാഗവതാചാര്യൻ ശ്രീ.കണ്ടമംഗലം പരമേശ്വരൻ നമ്പൂതിരിയുടെ പ്രഭാഷണത്തോടൊപ്പം വിവിധ വിഷയങ്ങളിൽ കുടുംബാംഗങ്ങളുടെ പ്രഭാഷണങ്ങൾ സപ്താഹത്തിന്റെ പ്രത്യേകതയായിരുന്നു.

ദാമ്പത്യത്തിന്റെ 50-ാം വർഷം ആഘോഷിയ്ക്കുന്ന ശ്രീ. മാധവമേനോനും, ശ്രീമതി രമാ മേനോനും ഭാഗവത സപ്താഹത്തിന്റെ ആരംഭദിനത്തിൽ ട്രസ്റ്റിന്റെ വകയായി ഒരു അനുമോദന സഭ സംഘടിപ്പിക്കുകയും, തദവസരത്തിൽ കുടുംബാംഗങ്ങൾക്കു വേണ്ടി ട്രസ്റ്റിന്റെ വകയായി ഒരു മംഗള പത്രം പ്രസിഡന്റ് ഡോ. ബി.സരോജിനി അമ്മ സമർപ്പിക്കുകയും ചെയ്തു..

സർപ്പക്കാവിലെ പ്രതിഷ്ഠാപീഠം പുനർനിർമ്മിക്കുന്നതിനായി ഡിസംബർ മാസം – 31 ാം തീയതി രാവിലെ 9 മണിയ്ക്ക് ആമേട ശ്രീധരൻ നമ്പൂതിരിയുടെ മുഖ്യ കാർമ്മികത്വത്തിൽ ബാലാലയത്തിലേക്ക് മാറ്റി പ്രതിഷ്ഠിച്ചു.

## അഭിനന്ദനം

2015 ലെ ഭാഗവത സപ്താഹത്തോടനുബന്ധിച്ച് ഉള്ള പ്രഭാഷണങ്ങളിൽ കുടുംബാംഗമായ ശ്രീ.എസ്സ്. അനിൽകുമാറിന്റെ ശ്രീമദ് ഭാഗവതം പ്രഥമസ്കന്ധം എന്നവിഷയത്തെ അധികരിച്ചു നടത്തിയ പ്രഭാഷണം, സഭാകമ്പം തൊട്ടുതീണ്ടാത്ത അനായാസ അവതരണ രീതികൊണ്ടും, ഉള്ളടക്കം കൊണ്ടും കൈയടക്കം വന്ന പ്രഗൽഭരായ ഭാഗവത പ്രഭാഷകരെ ഓർമ്മിപ്പിച്ചു. ഈ ചെറുപ്രായത്തിൽ ശ്രദ്ധേയമായ രീതിയിൽ ഭാഗവത പ്രഭാഷണം അവതരിപ്പിച്ച ശ്രീ. അനിൽകുമാറിന് മണിയശ്ശേരി കുടുംബാംഗങ്ങൾക്കു വേണ്ടി ട്രസ്റ്റിന്റെ പേരിൽ അഭിനന്ദനം രേഖപ്പെടുത്തുന്നതിനോടൊപ്പം,അദ്ദേഹത്തിന്റെ ഈ പുതിയ സംരംഭത്തിന് സ്വാമിയുടേയും പരദേവതമാരുടേയും അനുഗ്രഹാശ്ശിസുകൾക്കായി പ്രാർത്ഥിക്കുന്നു.

ക്ഷേത്രത്തിന്റെ പുറം മതിലിലുള്ള ഗോപുരവും വാതിലും ഡോ. ബി.സരോജിനി അമ്മയുടെ വഴിപാടായി പെയിന്റ് ചെയ്ത് മനോഹരമാക്കി. അവരെ അഭിനന്ദിക്കുന്നതോടൊപ്പം അവർക്കും കുടുംബത്തിനും സ്വാമിയുടേയും പരദേവതമാരുടേയും അനുഗ്രഹമുണ്ടാകട്ടേയെന്ന് പ്രാർത്ഥിക്കുന്നു.

ഡോക്ടർ ബി.സരോജിനി അമ്മയുടെ ശതാഭിഷേകത്തോടനുബന്ധിച്ച്, ത്രിപുരസുന്ദരീ ദേവിയുടെ പുനപ്രതിഷ്ഠയുടെ ചിലവുകൾ നിർവഹിച്ചു കൊള്ളാമെന്ന് ശശികല, ശ്യാമ, ശ്രീലത എന്നിവർ അറിയിച്ചിട്ടുണ്ട്. അവരെ അഭിനന്ദിക്കുന്നതോടൊപ്പം അവർക്കും കുടുംബത്തിനും സ്വാമിയുടേയും പരദേവതമാരുടേയും അനുഗ്രഹമുണ്ടാകട്ടേയെന്ന് പ്രാർത്ഥിക്കുന്നു.

ഈ വർഷത്തെ സംസ്ഥാന സി.ബി.എസ്സ്.സി കലോൽസവത്തിൽ കുടുംബാംഗമായ ശ്രീ. അനിൽ നായരുടേയും, രേഖാ നായരുടേയും മകൾ മേഘ. ആർ.നായർ കൂച്ചിപ്പുടി നൃത്തവിഭാഗത്തിൽ എ ഗ്രേഡോടുകൂടി രണ്ടാം സ്ഥാനം കരസ്ഥമാക്കി. അഭിനന്ദനങ്ങൾ.

## മണ്ഡലചിറപ്പ് നടത്തിയവർ :

അനഘ, സുജിത് നായർ, മേഘ. ആർ. നായർ, ഗോകുൽ പ്രസാദ്, ദുർഗ്ഗ, പ്രേംകുമാർ, അനൂപ്, മീര, അപർണ്ണ, രാംകുമാർ, ദേവിക, സുധാകരൻ, ജയമോഹൻ, ശിവകുമാർ, ഗായത്രി, ജിജി തമ്പി, രേഖ, ശ്രീകുമാരി, വിഘ്നേശ്, ചന്ദ്രശേഖര മേനോൻ, ശാരദാ ദാസ്, ഗീത, ശാരദ അമ്മ, സ്വാതി, കൃഷ്ണഗോപാൽ, അലക്സ്, ശശികല, ബാൽഗോവിന്ദ്, അങ്കിത, രഘുകുമാർ, രാധാമാധവൻ, അർജ്ജുൻ മേനോൻ, വന്ദന ഗോപാൽ, കൃഷ്ണദാസ്

## വൃശ്ചികമാസ പൂജ നടത്തിയവർ:

സിന്ധു, അഖിൽ, അർജ്ജുൻ ബാലചന്ദ്രൻ, സംയുക്ത, രമേശ്മേനോൻ, ഉദയ, പ്രസാദ്,രവീന്ദ്രകുമാർ, വൈഷ്ണവ്, രാധാമാധവൻ, കൃഷ്ണപണിക്കർ, മനുമോഹൻ, ഗിരിജപിള്ള, വിജയമോഹൻ, വേദാന്ത്, റിയ, വൈഷ്ണവി, മാധവമേനോൻ, ജയശ്രീ, ഗോപകുമാർ, ഉഷ, ബാലുമോഹൻ, ലക്ഷ്മി, രഘു, ശ്രീലക്ഷ്മി, രംഗോപാൽ, ശ്യാമ, രമാദേവി, രമാ മേനോൻ, അജയ്, സംഗീത, ലത വേണുഗോപാൽ, ഭാസ്കരൻ നായർ, സുമേഷ്, അനുരാധ, മധുസൂദനൻ, ഭാരതികൃഷ്ണ, രഞ്ജിത് നാരായണൻ, ഭദ്ര, പത്മകുമാർ, മുരളീഗോപൻ, രഞ്ജിത്, വിഷ്ണു, ഉഷകിരൺ, കൃഷ്ണപ്രിയ, നമിതകൃഷ്ണൻ, നന്ദിതകൃഷ്ണൻ, വിജയ്, കെ.പി.പണിക്കർ, വസുദേവ്, കനകം, പ്രേമ, വൈഷ്ണവി. ഇന്ദു.

## പ്രസാദ ഊട്ട്

വൃശ്ചികം – ഹേമ വേണുഗോപാൽ, ധനു – സുജിത് നായർ. മകരം – വസുദേവ്

# മണിയശ്ശേരി ദേവസ്വം ട്രസ്റ്റ്

**മറവൻതുരുത്ത്, വൈക്കം**

**മണിയശ്ശേരി ക്ഷേത്രത്തിലെ ശ്രീത്രിപുരസുന്ദരീ ദേവിയുടെ പുനപ്രതിഷ്ഠ കർമ്മങ്ങൾ ക്ഷേത്രംതന്ത്രി പുതുമന ശ്രീധരൻ നമ്പൂതിരിയുടെ മുഖ്യകാർമികത്വത്തിൽ 2016 ജനുവരി 22,23,24 തീയതികളിലായി നടത്തുന്ന വിവരം ദേവീനാമത്തിൽ അറിയിക്കുന്നു. എല്ലാ കുടുംബാംഗങ്ങളുടേയും സാന്നിദ്ധ്യ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.**

**സെക്രട്ടറി.**

| | |
|---|---|
| **ഒന്നാം ദിവസം – 22-1-2016 വെള്ളിയാഴ്ച –** | ആചാര്യവരണം, ഗണപതി പൂജ |
| വൈകുന്നേരം ദീപാരാധനക്ക്ശേഷം – | പ്രാസാദ ശുദ്ധി, കലശമണ്ഡപ ശുദ്ധി. ശയ്യാദി പത്മോല്ലേഖനം, അത്താഴപൂജ |
| **രണ്ടാം ദിവസം – 23-1-2016 – ശനിയാഴ്ച –** | ഗണപതിഹോമം, കലശ മണ്ഡപത്തിൽ ജലദ്രോണിപൂജ, ശയ്യാപൂജ, |
| രാവിലെ – 5.30 മുതൽ | നിദ്രാകലശ പൂജ, മണ്ഡലപൂജ, ബിംബശുദ്ധി കലശപൂജ, അനുജ്ഞാകലശ പൂജ, ദുർഗ്ഗ ദേവിക്ക് അനുജ്ഞാകലശാഭിഷേകം, ജീവകലശ പൂജ, ജീവോദ്വാസന ജീവകലശം, ശയ്യയില്ക്ക് എഴുന്നള്ളിക്കുക, ഗന്ധർവ്വ സ്വാമിക്ക് വിശേഷാൽ പൂജ, |
| വൈകുന്നേരം 5.30 മുതൽ ബിംബശുദ്ധി | ജീവോദ്വാസന ചെയ്ത ബിംബത്തിന്റെ ശോധന ക്രിയകൾ, കലശാഭിഷേകം, ബിംബം ശയ്യയിൽ കിടത്തുക, അധിവാസഹോമം, ധ്യാനാധിവാസം, അധിവാസ പൂജ, പീഠാധിവാസം, അത്താഴ പൂജ |
| **മൂന്നാം ദിവസം – 24-1-2016 – ഞായറാഴ്ച–** | |
| രാവിലെ – 5.30 മുതൽ | അഷ്ടദ്രവ്യ സഹിതം ഗണപതി ഹോമം, അധിവാസത്തിങ്കൽ ഉഷഃപൂജ, പ്രാസാദ പ്രതിഷ്ഠ, തിമിലപ്പാണി, കലശങ്ങളും ബിംബവും ശ്രീകോവിലിലേക്ക് എഴുന്നള്ളിക്കുക, പീഠ പ്രതിഷ്ഠ, പ്രതിഷ്ഠാ പൂർവ്വാംഗ കർമ്മങ്ങൾ, മുഹൂർത്ത പ്രായശ്ചിത്താദി ദാനങ്ങൾ, |
| രാവിലെ 9 മണിക്ക് | സുമുഹൂർത്തത്തിൽ ദുർഗ്ഗാദേവി പ്രതിഷ്ഠ, അഷ്ടബന്ധസ്ഥാപനം, നിദ്രാകലശാഭിഷേകം, ജീവകലശാഭിഷേകം, ജീവാവാഹന പൂജ,ഗന്ധർവ്വ സ്വാമിക്ക് പഞ്ചഗവ്യ നവകലശാഭിഷേകത്തോടുകൂടി ഉച്ച പൂജ. |

## മണിയശ്ശേരി ക്ഷേത്ര ദർശന സമയം

| **രാവിലെ** | | **വൈകുന്നേരം** | |
|---|---|---|---|
| നടതുറക്കുന്നത് | – 6 മണിയ്ക്ക് | നടതുറക്കുന്നത് | – 5.30 മണിയ്ക്ക് |
| നട അടയ്ക്കുന്നത് | – 10.30 മണിയ്ക്ക് | നട അടയ്ക്കുന്നത് | – 7 മണിയ്ക്ക് |

കുടുംബാംഗങ്ങളിൽ ആർക്കെങ്കിലും വൈഷ്ണവം കിട്ടാതുണ്ടെന്ന് ശ്രദ്ധയിൽ പെടുന്ന അംഗങ്ങൾ സെക്രട്ടറിയെ അറിയിക്കണമെന്നപേക്ഷ. മെയിൽ വഴി വൈഷ്ണവം വേണം എന്നുള്ള അംഗങ്ങൾ ഇ മെയിൽ ഐഡി സെക്രട്ടറിയെ അറിയിക്കണമെന്നപേക്ഷ

## വാർഷിക ഉൽസവം

മണിയശ്ശേരി ക്ഷേത്രത്തിലെ വാർഷിക ഉൽസവം 2016 മേയ് മാസം 3 – ാം തീയതി മുതൽ 8 ാം തീയതിവരെ പൂർവ്വാധികം ഭംഗിയായി നടത്തുന്നതാണ്.

**3–5–2016 – ചൊവ്വാഴ്ച പൊങ്കാല, സ്വാമിയുടെ കളം, താലം**
**4–5–2016 ബുധനാഴ്ച മുതൽ 7–5–2016 ശനിയാഴ്ചവരെ സർപ്പക്കളങ്ങൾ**
**8–5–2016 – ഞായറാഴ്ച കുംഭകുടം,കലശങ്ങൾ,സർപ്പബലി**

ഈ വാർഷിക പൂജയോടുനുബന്ധിച്ച് എല്ലാ ദിവസവും അഷ്ടദ്രവ്യ സഹിത ഗണപതി ഹോമം,രോഹിണി നാളിൽ (8-5-16 ഞായറാഴ്ച) സ്വാമിയ്ക്ക് കളഭാഭിഷേകം, ഗണപതി, വെള്ളാം ഭഗവതി, തൃപുരസുന്ദരീ ദേവി, അയ്യപ്പൻ, അപ്പൂപ്പൻ – അമ്മാവൻ എന്നീപ്രതിഷ്ഠകൾക്കുള്ള കലശങ്ങൾ, സർപ്പബലി, പഞ്ചവാദ്യം, എണ്ണടിൻ, നെയ്യ് തുടങ്ങിയവയ്ക്ക് ഭക്തജനങ്ങൾക്ക് സംഭാവന നൽകുവാൻ അവസരമുണ്ടായിരിക്കുന്നതാണ്.ഏവരുടേയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. താൽപര്യമുള്ള കുടുംബാംഗങ്ങൾ സെക്രട്ടറിയുമായി ബന്ധപ്പെടണമെന്നഭ്യർത്ഥിക്കുന്നു. മണിയശ്ശേരി ക്ഷേത്രത്തിലേയ്ക്ക് പൂജാ സാധനങ്ങൾ സ്പോൺസർ ചെയ്യുന്ന ഭക്തജനങ്ങൾക്ക് ആയതിലേയ്ക്കുള്ള തുക നൽകുന്നതിലേയ്ക്കായി ഫെഡറൽ ബാങ്ക്, കുലശേഖരമംഗലം ശാഖയിൽ -മണിയശ്ശേരി ദേവസ്വം ട്രസ്റ്റ് പൂജ ഐറ്റം എന്ന പേരിൽ ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. – A/c. No. 20720100033272. IFSC code FDRL 0002072

## മാനേജർ

ക്ഷേത്രത്തിൽ വഴിപാടു രസീതുകൾ എഴുതുന്നതിനും, ക്ഷേത്രകാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഒരു പുതിയ മാനേജരെ ട്രസ്റ്റ് നിയമിച്ചവിവരം സസന്തോഷം എല്ലാ അംഗങ്ങളേയും അറിയിക്കുന്നു. നവംബർ മാസം 18 ന് ശ്രീമതി. വിജയലക്ഷ്മി (ജിജി) ചുമതലയേറ്റെടുത്തു. ക്ഷേത്രത്തിൽ വരുന്ന വഴിപാടുകൾക്ക് പണം വാങ്ങി ട്രസ്റ്റിന്റെ രസീതു നൽകുക, രസീതുപ്രകാരമുള്ള വഴിപാടുകളുടെ ലിസ്റ്റ് ശാന്തിക്കാരനെ ഏൽപ്പിക്കുക, 300 രൂപയിൽ കൂടിയ വഴിപാടുകൾ നടത്തുന്ന ഭക്തജനങ്ങൾക്ക്